## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 4861** **01.07.2013 ൽ മറുപടിയ്ക്ക്**

**അപ്പർ ഷോളയാറിൽ നിന്നും, കേരള ഷോളയാറിലേയ്ക്ക് വെള്ളം ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.ഉമ്മൻചാണ്ടി<br>ബഹു.മുഖ്യമന്ത്രി |
| ആളിയാർ-പറമ്പിക്കുളം കരാറിന്റെ ഭാഗമായി തമിഴ്നാട് സർക്കാരിന്റെ അധീനതയിലുള്ള അപ്പർ ഷോളയാറിൽ നിന്നും, കേരള ഷോളയാറിലേയ്ക്ക് വെള്ളം ലഭ്യമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചത് എന്നും, എത്ര അളവ് വെള്ളം ഇതിന്റെ ഭാഗമായി ലഭ്യമായി എന്നും വ്യക്തമാക്കാമോ? | നടപ്പു ജലവർഷത്തിൽ (2012-13)ൽ പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാറിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട ജലം മണക്കടവിലും കേരള ഷോളയാറിലും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, ഉദ്യോഗസ്ഥ തലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും ആവർത്തിച്ച് കത്തുകളയയ്ക്കുകയുണ്ടായി. ഇക്കാര്യം ചർച്ച ചെയ്യണമെന്ന കേരളത്തിന്റെ ആവശ്യത്തിന്മേൽ 26.12.2012-ൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ (JWRB) ഒരു അസാധാരണ യോഗം ചേരുകയും, തുടർന്നു 28.04.2013-ന് തിരുവനന്തപുരത്ത് വച്ച് അന്തർസംസ്ഥാന നദീജലവിഷയങ്ങൾ ചർച്ച ചെയ്യാൻ ചേർന്ന കേരള, തമിഴ്നാട് മന്ത്രിതലയോഗത്തിൽ തമിഴ്നാട് ഷോളയാറിൽ നിന്നും കേരള ഷോളയാറിലേയ്ക്ക് ജലം നൽകുന്നത് സംബന്ധിച്ചു തീരുമാനിക്കാൻ JWRB-യുടെ ഒരു യോഗം ചേരണമെന്ന ധാരണയുടെ അടിസ്ഥാനത്തിൽ 06.05.2013-ന് JWRB-യുടെ ഒരു സ്പെഷ്യൽ മീറ്റിംഗ് ചേരുകയുണ്ടായി. ഈ യോഗത്തിൽ തമിഴ്നാട് ഷോളയാറിൽ ലഭ്യമായ ജലം |

തമിഴ്നാട് ഷോളയാർ Power House-II, വഴിയോ, തമിഴ്നാട് ഷോളയാർ Power House II-ന്റെ By Pass വഴിയോ കേരള ഷോളയാറിലേയ്ക്ക് നൽകാമെന്നു തമിഴ്നാട് സമ്മതിച്ചു. ഇത്തരത്തിലുള്ള നടപടിക്രമങ്ങളുടെ ഭാഗമായി 2013 ജൂൺ 15 വരെയുള്ള കാലയളവിൽ കേരള ഷോളയാറിൽ 10.657 TMcft ജലം കിട്ടിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**